## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2987**

**28.01.2014-ൽ മറുപടിയ്ക്ക്**

### ജില്ലകൾ കേന്ദ്രീകരിച്ച് അദാലത്തുകൾ നടത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മോൻസ് ജോസഫ്**<br>**ശ്രീ.സി.എഫ്.തോമസ്**<br>**ശ്രീ.റ്റി.യു.കുരുവിള**<br>**ശ്രീ.തോമസ് ഉണ്ണിയാടൻ** | **ശ്രീ.അടൂർ പ്രകാശ്**<br>**റവന്യൂവും കയറും വകുപ്പ് മന്ത്രി** |
| എ) വില്ലേജ്, താലൂക്ക്, കളക്ടറേറ്റ് എന്നീ ഓഫീസുകളിൽ നിന്നും നിശ്ചിത സമയത്ത് ജനങ്ങൾക്ക് സേവനങ്ങൾ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) സംസ്ഥാനത്തെ വില്ലേജാഫീസ്/താലൂക്ക് ഓഫീസ് എന്നിവിടങ്ങളിൽ നിന്ന് നൽകി വന്നിരുന്ന 2( ഇനം സേവനങ്ങൾ ഓൺലൈനായി അക്ഷയ സെന്ററുകൾ വഴി നൽകി വരുന്നു. വില്ലേജാഫീസുകളെ നവീകരിച്ച് മെച്ചപ്പെട്ട സേവനം പൊതുജനങ്ങൾക്ക് നൽകുന്നതിനായി സ്മാർട്ട് വില്ലേജ് ഓഫീസ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വില്ലേജാഫീസുകളിൽ നിന്നും താലൂക്കാഫീസുകളിൽ നിന്നും നിയമപരമായി ലഭിക്കാവുന്ന സേവനങ്ങൾ ലഭിക്കാത്തതായി ശ്രദ്ധയിൽ വരുന്നത് പരിഹരിക്കാറുണ്ട്. |
| ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | ബി) ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവരാറുണ്ട്. |
| സി) ജനസമ്പർക്ക പരിപാടിയുടെ മാതൃകയിൽ റവന്യൂ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ജില്ലകൾ കേന്ദ്രീകരിച്ച് അദാലത്തുകൾ നടത്തുന്നതിന് നടപടികളുണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ? | സി) സാധാരണ ജനങ്ങളുടെ പരാതികൾ പരമാവധി കുറയ്ക്കുന്നതിനായി റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഓരോ ജില്ലയിലും പ്രീ അദാലത്തുകൾ നടത്തുകയുണ്ടായി . |

സെക്ഷൻ ഓഫീസർ